# അക്കാദമിക് മാസ്റ്റർ പ്ലാൻ ക്ലാസ് : I

I പാട്ടരങ്ങ് - ലഭ്യമായ ഉപകരണ സഹായത്തോടെ വിവിധ തീമുകളുമായി ബന്ധപ്പെട്ട് കുട്ടികളും ടീച്ചറും ചേർന്ന് പാട്ടുകൾ അവതരിപ്പിക്കുന്നു.

ലക്ഷ്യം

* താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.

* ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

* ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

പ്രവർത്തനപ്പട്ടങ്ങൾ

* ക്ലാസ് പി.ടി.എയിലും SRG യിലും പാട്ടരങ്ങിന്റെ ലക്ഷ്യങ്ങളും പ്രവർത്തനക്രമവും അവതരിപ്പിക്കുന്നു. (ജൂൺ ആദ്യവാരം)

* ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ടും തീമുകൾക്കനുസരിച്ച് പാട്ടരങ്ങ് ക്ലാസിലവതരിപ്പിക്കുന്നു. ലഭ്യമായ ഉപകരണങ്ങൾ പാട്ടരങ്ങിനായി ഉപയോഗിക്കുന്നു. (ജൂലൈ രണ്ടാം വാരം)

II

## സംയുക്ത ഡയറി

രക്ഷിതാവിന്റെ സഹായത്തോടെ ദൈനംദിനസംഭവങ്ങൾ എഴുതുന്നു.

### ലക്ഷ്യങ്ങൾ

* സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ എഴുതാനും പറയാനും കഴിയുന്നു.
* ഭാഷാശേഷിയും സ്വതന്ത്രരചനയും പരിപോഷിപ്പിക്കുന്നു.

### പ്രവർത്തനഘട്ടങ്ങൾ

* ക്ലാസ് പിടിഎയിൽ ഡയറി എഴുത്തിന്റെ ഘടന അവതരിപ്പിക്കുന്നു. രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ ആദ്യവാരം)
* ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.
* മികവുകളുള്ളവ ക്ലാസിൽ പങ്കുവെക്കുന്നു.
* ജനുവരി - മാർച്ച് - ഡയറി പ്രകാശനം

### വിലയിരുത്തൽ

* എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്.
* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്രരചനകൾ പൊതുസമൂഹവുമായി പങ്കുവെച്ചിട്ടുണ്ട്.

ചുമതല - ക്ലാസ് ടീച്ചർ, CPTA.

## റീഡേഴ്സ് തിയറ്റർ

ലഘുവിവരണം, കഥകൾ, സംഭാഷണങ്ങൾ തുടങ്ങിയവ ഭാവാത്മകമായി അവതരിപ്പിക്കാനുള്ള അവസരം.

### ലക്ഷ്യങ്ങൾ

* മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു.
* മികച്ച വായനക്കാരാകുന്നു.
* പാഠപുസ്തകങ്ങളിലെയും ലഘുബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.

### പ്രവർത്തന ഘട്ടങ്ങൾ

* SRG യിൽ ആശയം പങ്കിടൽ (ജൂൺ ആദ്യ വാരം)
* ക്ലാസ് പിടിഎയിൽ പിന്തുണ തേടൽ (ജൂൺ 3ാം വാരം)
* റീഡേഴ്സ് തിയേറ്റർ അവതരണം (മാർച്ച്)
* ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ (മാർച്ച്)

### വിലയിരുത്തൽ

* SRG, CPTA അംഗങ്ങൾക്ക് ധാരണ നൽകിയിട്ടുണ്ട്.
* അനുയോജ്യമായ പാഠഭാഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്
* മികച്ച അവതരണങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

ചുമതല – ക്ലാസ് ടീച്ചർ, CPTA.

ക്ലാസ് പത്രം

പത്രത്തിന്റെ ഘടന മനസിലാക്കി ചെറുവാക്യങ്ങളിൽ വാർത്തകൾ രൂപപ്പെടുത്തുന്നു.

ലക്ഷ്യങ്ങൾ

* രചനാശേഷി പരിപോഷിപ്പിക്കുന്നു.
* ദൈനംദിന അനുഭവങ്ങൾ വാർത്താരൂപത്തിൽ തലക്കെ... എഴുതാൻ കഴിയുന്നു.

പ്രവർത്തനഘട്ടങ്ങൾ

* SRG, CPTA യിൽ അവതരിപ്പിക്കുന്നു.
* രക്ഷിതാക്കളുടെ സഹായത്തോടെ വാർത്താരൂപ... അനുഭവങ്ങൾ എഴുതുന്നു (ജനുവരി)
* എഡിറ്റിംഗ്
* പ്രസിദ്ധീകരണം.

വിലയിരുത്തൽ

* വ്യത്യസ്തവും ആകർഷകവുമായ രീതിയിൽ ആസൂത്ര... ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്.
* ഭിന്ന നിലവാരക്കാരെ പരിഗണിച്ചിട്ടുണ്ട്.
* പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിച്ചു

ചുമതല – ക്ലാസ് ടീച്ചർ

സാമ്പത്തികം – PTA.

## V ഭാഷോത്സവം/വായനോത്സവം

മുഴുവൻ കുട്ടികളെയും സ്വതന്ത്രവായനക്കാരും എഴുത്തുകാരുമാക്കുക. മികവുകൾ സമൂഹത്തിന് മുന്നിൽ പ്രകടമാക്കുന്നു.

### ലക്ഷ്യങ്ങൾ

* സ്വതന്ത്രരചനക്കും വായനക്കുമുള്ള ആത്മവിശ്വാസം നൽകൽ
* ആശയപൂർണതയോടെ തൽസമയ രചനകൾ നടത്തൽ.

### പ്രവർത്തന ഘട്ടങ്ങൾ

* ക്ലാസ് ലൈബ്രറി ക്രമീകരണം
* SRG യിൽ ആസൂത്രണം (കുട്ടിയും രക്ഷിതാവും ചേർന്ന് വായിക്കുന്നു)
* CPTA യിൽ അവതരിപ്പിച്ച്, പിന്തുണ ഉറപ്പാക്കുന്നു.
* മികവുകൾ ലിസ്റ്റ് ചെയ്യുന്നു.
* ജനുവരിയിൽ ഭാഷോത്സവം പൊതുജനങ്ങൾക്ക് മുമ്പായി അവതരിപ്പിക്കുന്നു.

### വിലയിരുത്തൽ

* കുട്ടികളെ പ്രാപ്തരാക്കൽ
* വീഡിയോ ഡോക്യുമെന്റേഷൻ.

Scanned with OKEN Scanner

IV രചനോത്സവം

ലഘുവ്യവഹാര രൂപങ്ങൾ എഴുതാനുള്ള അവസരം സൃഷ്ടിക്കൽ.

ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികളും രചനാപ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.
* ആഴ്ചയിലെ ഇടവേളകളിൽ ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ

* SRG, CPTA ഇവയിൽ അവതരിപ്പിക്കുന്നു.
* രചനകൾ പ്രസിദ്ധീകരിക്കൽ (സെപ്തംബർ - ഡിസംബർ)

വിലയിരുത്തൽ

* കുട്ടികളുടെ പങ്കാളിത്തം
* വിവിധ വ്യവഹാര രൂപങ്ങളുടെ പ്രാധാന്യം

ചുമതല

ക്ലാസ് ടീച്ചർ

# CLASS I — ENGLISH

## I Enriching vocabulary

* Familiarises every day words. writing them on note book (August)
* Speaking About me — learning how to self introduce oneself (October)
* Learn to Ask frequently used questions
* Picture description (January)

Support

Teachers, parents, SRG

Evaluation

learner's participation

Teacher's timely editing.

Scanned with OKEN Scanner

## ക്ലാസ്സിലെ അക്കാദമിക് മാസ്റ്റർപ്ലാൻ - std I - ഗണിതം.

### ലക്ഷ്യങ്ങൾ.

1 മുതൽ 99 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. എഴുതുന്നു.

ക്രിയകളിലും നിർമ്മാണ പ്രവർത്തനങ്ങളിലും ഏർപ്പെടുന്നതിലൂടെ ഗണിതം ലഭിക്കൽ.

### ജൂൺ.

സംഖ്യകൾ തിരിച്ചറിയുന്നതിനായുള്ള വിവിധ പ്രവർത്തനങ്ങൾ നൽകുന്നു.

ജൂലൈ - ഗണിതപ്പാട്ടിലൂടെ ഏർപ്പെടുത്തി ഗണിതത്തിൽ താൽപര്യമാക്കുന്നു.

ഓഗസ്റ്റ് - 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയാനുള്ള കളികളിലൂടെ പ്രവർത്തനങ്ങൾ.

സെപ്റ്റംബർ - സംഖ്യാനാമങ്ങൾ പരിചയപ്പെടുന്നു. രണ്ടക്കസംഖ്യകളുടെ സങ്കലനം.

ഒക്ടോബർ/നവംബർ ഡിസംബർ - സംഖ്യാപാറ്റേണുകൾ പരിചയപ്പെടുന്നു. പാറ്റേൺ നിർമ്മാണം. വർഗീകരിച്ച് ചെയ്യുന്നു.

ജനുവരി - വ്യവകലന ക്രിയകൾ പരിചയപ്പെടുന്നു. ചിഹ്നങ്ങൾ പരിചയപ്പെടുന്നു. (−, +)

# Academic Master Plan.

std - II
subject - English.

**Aim-**
To speak, read and write English without mistakes.

**Activities-**
provide chances to listen English language by (listening English news, poems, rhyms, stories etc)
Let them express their ideas by speaking.
provide various reading materials through class library.
Let them write simple discources related to the text book.

Scanned with OKEN Scanner

* ഒന്നാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണവായന ഉറപ്പാക്കുക.
* ക്ലാസിലെ എല്ലാ കുട്ടികളുടെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക
* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കുകയും ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
* കുട്ടികളുടെ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണത്തിനുള്ള വേദി ഒരുക്കുക.
* ഒന്നാം ക്ലാസിലെ കുട്ടികളുടെ 100 വരെയുള്ള സംഖ്യാബോധം സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി വളർത്തുക.

## മുന്നൊരുക്കം

* ഒന്നാം ക്ലാസിലെത്തിയ ഓരോ കുട്ടിയുടെയും വിവരങ്ങൾ ഉള്ള പ്രൊഫൈൽ തയ്യാറാക്കുന്നു.
* കുട്ടിയുടെ നിലവിലുള്ള കഴിവുകൾ, പരിമിതികൾ എന്നിവ രേഖപ്പെടുത്തി ഓരോരുത്തരും രക്ഷിതാവിന്റെ അക്കാദമിക പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിന് അവസരമുണ്ടാക്കുന്നു.

Scanned with OKEN Scanner

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| ഓരോ ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന് | ചിത്രവായന<br>ചിത്രകാർഡ് നിർമ്മാണം<br>മേനി പറച്ചിൽ<br>കഥ ഉറക്കെ വായിക്കൽ<br>കഥ പൂർത്തിയാക്കൽ<br>ഭാഷണത്തിനുള്ള പൊതുവേദികൾ | ജൂൺ [illegible] മാസം.<br>ജൂലൈ ആദ്യവാരം മുതൽ 3 ആഴ്ച |
| ആശയഗ്രഹണ വായന ഉറപ്പാക്കുക. | ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ<br>കുട്ടികളുടെ പുസ്തക പരിചയം പരിപാടി<br>വായിച്ച കഥയെ ചിത്രകഥയാക്കൽ<br>വായിച്ച കഥയെ സംഭാഷണമാക്കൽ<br>വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ<br>വീട്ടു ലൈബ്രറി ഒരുക്കൽ. | ജൂലൈ അവസാന വാരം മുതൽ ഓഗസ്റ്റ് പകുതിവരെ |

Scanned with OKEN Scanner

| പ്രവർത്തനലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| സംഖ്യാബോധം ഉറപ്പിക്കൽ | മുന്നറിവ് പരിശോധന. ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ടു മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ | ജൂൺ — ആഗസ്ത് |
| | ഒരു കൂട്ടം വസ്തുക്കളോട് അതേ എണ്ണത്തിൽ പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ ഇരട്ടിയായി എന്ന് എണ്ണം പറയൽ | |
| | ഗണിതകിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ | |
| | പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്കസംഖ്യകൾ രൂപീകരിക്കൽ | |
| | വിവിധ പാറ്റേണുകൾ രൂപീകരിക്കൽ<br>സംഖ്യകളുടെ പ്രത്യേകത കണ്ടെത്തൽ<br>ഗണിത കിറ്റിലെ സാധനങ്ങൾ തിരഞ്ഞ് പ്രായോഗിക പ്രശ്നം പരിഹരിക്കൽ | സെപ്ത് — ഒക്ടോബർ |

Scanned with OKEN Scanner

ഉൾപ്പെടുത്തുകയും സർഗാത്മക രചനകളുടെ പ്രദർശനത്തിനുള്ള വേദിയൊരുക്കുകയും ചെയ്യുന്നു.

ഭാഷയുടെ വിവിധ തലങ്ങളിൽ കുട്ടികളെ ഉയർത്താൻ

പതിപ്പ് നിർമ്മാണം

ചിത്രീകരിക്കുന്നു.
വായിച്ച കഥാപാത്രങ്ങൾക്ക് രംഗാവിഷ്കാരം നടത്തുന്നു.
കഥാപൂരണം നടത്തുന്നു.

കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ശൈലിയിൽ വാചികമായി അവതരിപ്പിക്കുന്നു.
വിവിധതരത്തിലുള്ള പതിപ്പുകൾ തയ്യാറാക്കുന്നു.
ആൽബം തയ്യാറാക്കുന്നു.
വായനാക്കുറിപ്പുകൾ ഒരുക്കുന്നു.
എന്റെ ഇഷ്ടപ്പെട്ട പുസ്തകം തയ്യാറാക്കുന്നു.
വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരമൊരുക്കുന്നു
പോസ്റ്ററുകൾ തയ്യാറാക്കുന്നു.
ലഘുവിവരണങ്ങൾ തയ്യാറാക്കുന്നു.
വ്യത്യസ്തരചന - പതിപ്പ് നിർമ്മാണം

സെപ്തംബർ വരെ

ഒക്ടോബർ — ~~നവംബർ~~ ഫെബ്രുവരി

മാർച്ച്.

| | | |
|---|---|---|
| സങ്കലനം, വ്യവകലനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ. | പ്രശ്നങ്ങൾ ...<br>സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.<br>രണ്ടക്ക സംഖ്യകൾ തമ്മിലുള്ള സങ്കലനം, വ്യവകലനം | |
| സ്ഥാനവില തിരിച്ചറിയൽ | സ്ഥാനവില ചാർട്ട് തയ്യാറാക്കുന്നു.<br>അബാക്കസ് നിർമ്മിക്കുന്നു.<br>വ്യത്യസ്തരീതിയിൽ രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്തുന്നു.<br>വിലവിവരപ്പട്ടിക തയ്യാറാക്കുന്നു.<br>പ്രശ്ന നിർധാരണം<br>ഗണിതാലയം പഠനം ഇടങ്ങൾ, ഉല്ലാസഗണിതം ഗണിതവിജയം കളിരീതിയിൽ ഉപയോഗിക്കുന്നു. | നവംബർ — ഫെബ്രുവരി |
| കലണ്ടർ പരിചയപ്പെടൽ | കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യുന്നു. തിരിച്ചറിയുന്നു.<br>കലണ്ടർ പതിപ്പ് തയ്യാറാക്കുന്നു. | മാർച്ച് |

...നാടകത്തിന് മാതൃകാപ്ലാൻ

ക്ലാസ് - 3

വിഷയം - മലയാളം.

ഉദ്ദേശ്യങ്ങൾ:

[illegible]

ക്ലാസ് ലൈബ്രറി ഒരുക്കിവയ്ക്കൽ.

[illegible]

സാമഗ്രികൾ - കടലാസ് (നാടകങ്ങളുടെ [illegible])

ക്ലാസ് ലൈബ്രറിയിൽ കിട്ടിയവ [illegible]

... - [illegible] നാടകം.

സെപ്തംബർ – കുട്ടികൾ വരച്ച ചിത്രങ്ങളുടെ പ്രദർശനം ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ.

സി.പി.ടി.എ – ഒന്നാം ടേം വിലയിരുത്തൽ – നോട്ടുബുക്കുകളുടെ അവതരണം.
നാടൻപാട്ടുകളുടെ അവതരണം.
• പാവനാടകം അവതരണം.

ഒക്ടോബർ – കുട്ടികൾ വരച്ച പ്രകൃതിദൃശ്യ ചിത്രങ്ങളുടെ പ്രദർശനവും ചിത്രരചനാ ശില്പശാലയും.

നവംബർ – കഥ/കവിത രചനാ ശില്പശാല – ക്ലാസ്തലം.

ഡിസംബർ – സംഭാഷണങ്ങളുൾക്കൊള്ളുന്ന കുട്ടിയുടെ രചനകൾ ലൈബ്രറിയിൽ വെക്കൽ.

സി.പി.ടി.എ രണ്ടാം ടേം വിലയിരുത്തൽ – കുട്ടികളുടെ രചനകളുടെ അവതരണം.

ജനുവരി, ഫെബ്രുവരി, മാർച്ച് – റിവിഷൻ ടെസ്റ്റ്.

സി.പി.ടി.എ. മൂന്നാം ടേം വിലയിരുത്തൽ – നോട്ടുബുക്കുകളുടെ അവതരണം.
നാടൻപാട്ടുകളും കവിതകളും ഈണത്തിൽ ചൊല്ലൽ
കഥകൾ നാടകരൂപത്തിൽ അവതരിപ്പിക്കൽ.
• കുട്ടികൾ വരച്ച ചിത്രങ്ങളുടെ പ്രദർശനം.
• രചനാസമാഹാരം
• റിവിഷൻ ടെസ്റ്റ്.

# അക്കാദമിക് മാസ്റ്റർപ്ലാൻ.

ക്ലാസ് - 3

വിഷയം : ഗണിതം

ലക്ഷ്യം :-

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക.

ജൂൺ

* സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.
* കിട്ടിയ സംഖ്യ വായിക്കുന്നു. മറ്റുള്ള കുട്ടികൾ എഴുതുന്നു
* കിട്ടിയ സംഖ്യയെ വ്യത്യസ്ത രീതിയിൽ മാറ്റിയെഴുതുന്നു.

ജൂലൈ

10 ചങ്ങാതിമാർ

* സംഖ്യ നറുക്ക് എടുക്കുന്നു.
* കിട്ടിയ നറുക്കിലെ സംഖ്യ വായിച്ചശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതുന്നു. സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കുന്നു.

ജൂൺ - സെപ്തംബർ

* വിവിധ സംഖ്യാപാറ്റേൺ പൂർത്തിയാക്കുന്നു.
* സംഖ്യകളെ 1,10,100,1000 ന്റെ കൂട്ടങ്ങളാക്കുന്നു.

ജൂൺ - ആഗസ്റ്റ്

ക്രമത്തിലാക്കാം.

* വ്യത്യസ്ത സംഖ്യകൾ നൽകിയത് ആരോഹണ അവരോഹണ ക്രമത്തിലാക്കുന്നു.

CLASS III - ENGLISH

1. Situational conversation Practice.

A situation is given to two children Asks them to enact the situation with proper dialogues and gestures. (once in a week)

2. Picture Descriptions

A picture is given every friday and the learners are asked to write a picture description and present it in the class. (once in a week)

3. Diary writing

Asks them to write a week's diary. ~~Each~~ The teacher edits the diary.

Support

SRG, CPTA.

Evaluation

Student's participation.
Teacher's Editing.
Diversity in writing.

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർപ്ലാൻ

ക്ലാസ് : 4.

വിഷയം : മലയാളം

ലക്ഷ്യം :-

അക്ഷരസ്ഫുടതയോടെയും ഒഴുക്കോടെയും അർത്ഥവ്യക്തതയോടെയും ഉള്ള വായന.

ജൂൺ —

* കുട്ടിക്ക് കഥാപുസ്തകം നൽകുന്നു. നിശബ്ദവായന നടത്തുന്നു. ആവശ്യമെങ്കിൽ ആവർത്തന വായന. കൂട്ടുകാർക്കു മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന. വായിച്ചറിഞ്ഞ ആശയം പറയൽ.

ജൂലൈ —

* കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.
* കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ചു കേൾപ്പിക്കുന്നു. തെറ്റിയാൽ, ഓഡിയോ അയച്ചു തരുന്നു.

ആഗസ്റ്റ് - സെപ്തംബർ —

* ക്ലാസ് റൂം ലൈബ്രറി ഒരുക്കുന്നു. പുസ്തകം വിതരണം, വായന, വായനാനുഭവം പങ്കുവക്കൽ.

സെപ്തംബർ - നവംബർ —

* ICT ഉപയോഗിച്ച് കഥ കാണാൻ അവസരം. ഇതേ കഥ സ്വയം എഴുതാൻ അവസരം. ക്ലാസിൽ വായിച്ച് അവതരിപ്പിക്കുന്നു.

നവംബർ - മാർച്ച്

* കുട്ടിക്ക് ഇഷ്ടമുള്ള കഥാപാത്രങ്ങളെ ഉൾപ്പെടുത്തി കഥ എഴുതാൻ അവസരം.

അക്കാദമിക് മാസ്റ്റർ പ്ലാൻ

ക്ലാസ് : 4 വിഷയം: ഗണിതം.

ലക്ഷ്യം :-

സംഖ്യാബോധം (1-1000 വരെയുള്ള സംഖ്യകൾ എണ്ണുന്നു, എഴുതുന്നു.)

ജൂൺ -

* സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു. കുട്ടികൾ വായിക്കുന്നു. മറ്റുള്ളവർ എഴുതുന്നു.

ജൂൺ — സെപ്റ്റംബർ

* വ്യത്യസ്ത സംഖ്യകൾ നൽകുന്നു. ആരോഹണ - അവരോഹണ ക്രമം എഴുതുന്നു.
* പാറ്റേൺ പൂർത്തിയാക്കുന്നു.

ജൂലൈ — ഫെബ്രുവരി

* ഓരോ കുട്ടിയും കിട്ടിയ മൂന്നക്കസംഖ്യയെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു.
* അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു. കുട്ടികൾ തങ്ങൾക്ക് കിട്ടിയ നറുക്കുകളിൽ ഏത് ക്രിയ ചെയ്തപ്പോഴാണ് ബോർഡിലെ ഉത്തരം കിട്ടുന്നതെന്ന് നോക്കുന്നു.

ആഗസ്റ്റ് - ഫെബ്രുവരി

* സമയവുമായി ബന്ധപ്പെട്ട പ്രായോഗികപ്രശ്ന പരിഹാരത്തിന് സമയചക്രം ഉപയോഗപ്പെടുത്തുന്നു.

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ.

വിഷയം: പരിസരപഠനം

ക്ലാസ് = 4.

ലക്ഷ്യം :-

പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.

ജൂൺ -

* ഒരു വൃക്ഷത്തൈ നടുന്നു. നട്ട വൃക്ഷത്തൈ പരിപാലിക്കൽ.
* പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ. പരിസരങ്ങളിൽ പതിക്കൽ.
* ഓരോ ദിനവും പ്രാധാന്യത്തോടെ കഴിഞ്ഞ് സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു. കുട്ടികളെ ബോധവാന്മാരാക്കുന്നു.

ജനുവരി - മാർച്ച്

* പൂന്തോട്ടങ്ങളിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം.
* ക്യാമ്പ്, ശാസ്ത്രകൗതുകം വളർത്തുന്ന പരിശീലനങ്ങളിൽ ഏർപ്പെടുന്നു.

Scanned with OKEN Scanner

# Academic Master Plan.

std – IV
subject – English.

Aim.
The learner will be able to,
Read and understand simple stories, poems etc.
Use simple English for Communication.
Able to write different discources without mistakes.

Activities.
provide activities to develop the listening skills of learners. (Listening English news, stories, rhyms etc.)

Let the children express their ideas through poems, rea different discources etc.

provide various reading materials.

Make different type of discources related to the text book.

Scanned with OKEN Scanner